<u>സാമൂഹ്യനീതിവകുപ്പ് ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>
(ഹാജർ:അഞ്ജന.എം IAS)

ഉത്തരവ് നം. SJD/3291/2021-E6

തിരുവനന്തപുരം,
തീയതി. 07/02/2022

---

വിഷയം: സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - 2-2-2020 മുതൽ - 30/06/2021 വരെ ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാരുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :

1. സാമൂഹ്യനീതി ഡയറക്ടറുടെ 27/04/2020 ലെ ഇ 9/769/2020 നമ്പർ നടപടിക്രമങ്ങൾ.
2. സാമൂഹ്യനീതി ഡയറക്ടറുടെ 29/05/2020 ലെ ഇ 1/1961/2020 നമ്പർ നടപടിക്രമങ്ങൾ.
3. സാമൂഹ്യനീതി ഡയറക്ടറുടെ 01/10/2020 ലെ ഇ 1/1961/2020 നമ്പർ നടപടിക്രമങ്ങൾ.
4. സാമൂഹ്യനീതി ഡയറക്ടറുടെ 26/08/2021 ലെ SJD/3291/2021-E6 നമ്പർ നടപടിക്രമങ്ങൾ.
5. 06/09/2021 ലെ കോഴിക്കോട് ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ SJD/KKD/DSJO/5371/2021-A1 നം. കത്ത്.
6. 9-09-2021 തീയതിയിലെ ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ പാലക്കാടിൻറെ എ/1435 / 2021 നം കത്ത്. പ്രകാരം ലഭ്യമായ ശ്രീമതി. ഷിനോള ക്ലമന്റിന്റെ അപേക്ഷ.
7. 06.01.22 തീയതിയിലെ സാ.നീ.വ-എ 1153/2021- സാ.നീ.വ നമ്പർ കത്ത്.

സാമൂഹ്യനീതി വകുപ്പിൽ ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ 1/2/2020 പ്രാബല്യത്തിൽ സേവനം അനുഷ്ഠിച്ച് വരുന്ന ജീവനക്കാരുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റ് പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ചുത്തരവായിട്ടുണ്ട്. പരാമർശം (2) , (3) പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2-2-2020 മുതൽ - 30/06/2021 വരെ ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ പ്രമോഷൻ ലഭിച്ച ജീവനക്കാരുടെ താൽക്കാലിക സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച് പരാമർശം (4) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ആയതിൻ മേലുള്ള ആക്ഷേപങ്ങൾ /പരാതികൾ എന്നിവ ക്ഷണിക്കുകയും ഉണ്ടായി.

2. പരാമർശം (5) പ്രകാരമുള്ള അപേക്ഷയിൽ താൽകാലിക സീനിയോരിറ്റി ലിസ്റ്റിൽ ക്രമ നം. 1 ആയി ഉൾപ്പെട്ട ശ്രീ . ബിനേഷ് .ജി. യുടെ വിദ്യാഭ്യാസ യോഗ്യത എസ്.എസ്,എൽ.സി. എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും ടിയാന്റെ അധികവിദ്യാഭ്യാസ യോഗ്യതയായ ബി.എസ്.സി. രേഖപ്പെടുത്തണമെന്നും

അപേക്ഷിച്ചിരിക്കുന്നു. അപേക്ഷയുടെയും അനുബന്ധ രേഖയുടെയും അടിസ്ഥാനത്തിൽ താൽകാലിക സീനിയോരിറ്റി ലിസ്റ്റിൽ ക്രമ നം. 1 ആയി ഉൾപ്പെട്ട ശ്രീ. ബിനേഷ് .ജി. യുടെ അധികവിദ്യാഭ്യാസ യോഗ്യതയായ ബി.എസ്.സി. ഉൾപ്പെടുത്തുന്നു. പരാമർശം (6) പ്രകാരമുള്ള ശ്രീമതി . ഷിനോള ക്ലമന്റിന്റെ സീനിയോരിറ്റി സംബന്ധിച്ച പരാതിയിൽ താൽക്കാലിക സീനിയോരിറ്റി ഉത്തരവിൽ ഉൾപ്പെട്ട ജീവനക്കാർ ടിയാളുടെ പേരിന് മുകളിൽ ആയാണ് ഉൾപ്പെടുന്നതെന്നും . സ.ഉ. (സാധാ) നം. 555/2021/സാ.നീ.വ തീ. 10-08-2021 പ്രകാരം താൽക്കാലിക സീനിയോരിറ്റി ഉത്തരവ് തിരുത്തി 10-12-2019 മുതലുള്ള മുൻകാല പ്രാബല്യത്തോടെ HA തസ്തികയിൽ സീനിയോരിറ്റിയും. കുടിശിഖ ശമ്പളവും അനുവദിക്കണമെന്നും അപേക്ഷിച്ചിരിക്കുന്നു. ടിയാൾ പ്രൊമോഷൻ പരിത്യജിച്ച കാലയളവിൽ ഉദ്യോഗക്കയറ്റം കിട്ടിയ ജീവനക്കാരാണ് താൽക്കാലിക സീനിയോററ്റി ഉത്തരവിൽ ഉൾപ്പെട്ടിരിക്കുന്നത്. പരാമർശം (7) ലെ സർക്കാർ കത്തിൽ പ്രൊമോഷൻ പരിത്യജിച്ചതു പിൻവലിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്ന മുറയ്ക്കേ ആയതിനു പ്രാബല്യമുള്ളൂ എന്നും പ്രസ്തുത തീയതിയ്ക്കു ശേഷമുള്ള ഒഴിവിലേക്ക് മാത്രമേ ഒരാളെ പരിഗണിക്കാനാകൂ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ജീവനക്കാരിയ്ക്ക് 22/7/2021 തീയതി പ്രാബല്യത്തിൽ ആണ് ഉദ്യോഗക്കയറ്റം ലഭ്യമായിട്ടുള്ളത്. ടി തീയതി മുതൽക്ക് മാത്രമേ ജീവനക്കാരിക്ക് സീനിയോരിറ്റിക്ക് അർഹതയുള്ളൂ. ഈ സാഹചര്യത്തിൽ ജീവനക്കാരിയുടെ അപേക്ഷ നിരസിക്കുന്നു.

3. മേൽ സാഹചര്യത്തിൽ ഖണ്ഡിക 2 പ്രകാരമുള്ള ഭേദഗതി വരുത്തിക്കൊണ്ട് 2-2-2020 മുതൽ - 30/06/2021 വരെ ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാരുടെ അന്തിമ സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

M ANJANA IAS

സാമൂഹ്യനീതിവകുപ്പ് ഡയറക്ടർ

<u>പകർപ്പ് :</u>

ബന്ധപ്പെട്ട ജീവനക്കാർക്ക് (കാര്യാലയ മേധാവി മുഖേന)

1. എല്ലാ കാര്യാലയ മേധാവികൾക്കും.
2. സൂപ്രണ്ട്, ഐ.റ്റി സെക്ഷൻ (വെബ് സൈറ്റ് പ്രസിദ്ധീകരണത്തിന്)
3. ഡയറക്ടറുടെ സി.എ
4. E1 , E2 സീറ്റുകൾ
5. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്